ഭരണഭാഷ - മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

വളരെ അടിയന്തിരം

നമ്പർ: ജി1/17915/2015

ചാക്ക, തിരുവനന്തപുരം
തീയതി: 26.10.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2017- പ്രാക്ടിക്കൽ എക്സാമിനർമാരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നത് - പോർട്ടലിൽ പുതിയ വിവരങ്ങൾ ഉൾപ്പെടുത്തിയത് - സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരായുള്ള 3-9-2016, 14-10-2016 ലെ ചുറ്ററിയിപ്പ്.

ജനുവരി 2017 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പിന് എക്സാമിനർമാരായി നിയോഗിക്കുന്നതിന് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ 31-10-2016 നകം പോർട്ടലിൽ രേഖപ്പെടുത്തണമെന്ന നിർദേശം സൂചന പ്രകാരം നൽകിയിരുന്നു.

പോർട്ടലിൽ താഴെ പറയുന്ന മാറ്റങ്ങൾ കൂടി ഡി.ജി.റ്റി. ഇപ്പോൾ വരുത്തിയിട്ടുണ്ട്.

'Technical Qualification Details' എന്ന ലിങ്കിൽ ITI/CTS, CTI/CITS എന്ന ക്വാളിഫിക്കേഷന് പുറമേ ബി.ടെക്ക്, ഡിപ്ലോമ, എം.ബി.എ., എം.സി.എ., പി.ജി.ഡി.സി.എ. തുടങ്ങിയ യോഗ്യതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ബ്രാഞ്ചുകൾ ഉൾപ്പെടുത്തുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുകൾ ഉള്ളതായി ഡി.ജി.റ്റി. അറിയിക്കുകയുണ്ടായി. ഇത്തരം യോഗ്യതകൾ ഉൾപ്പെടുത്തിയ ശേഷം ബ്രാഞ്ച് ഉൾപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ട്രേഡ് സെലക്ട് ചെയ്തതിന് ശേഷം 'proceed' ചെയ്യാനാണ് ഡി.ജി.റ്റി നിർദേശിച്ചിട്ടുള്ളത്. 'Work experience details' ഉൾപ്പെടുത്താൻ ആവശ്യമായ 'Row' യും നൽകിയിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിലെ എ.സി.ഡി. ഇൻസ്ട്രക്ടർമാർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇപ്രകാരം താത്പര്യമുള്ള ട്രേഡ് ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഓരോ സ്ഥാപനത്തിനും വേണ്ടത്ര എക്സാമിനർമാരെ നിയമിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ട്രെയിനികൾക്ക് ഹാൾടിക്കറ്റുകൾ വിതരണം നടത്തുകയില്ല എന്നുള്ള വിവരം ഡി.ജി.റ്റി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സമയബന്ധിതമായി ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ എൻട്രി വരുത്തേണ്ടതാണ്. 21-10-2016 ന് ചേർന്ന പ്രിൻസിപ്പാൾമാരുടെ മീറ്റിംഗിൽ ഈ വിഷയം സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ കർശനമായും പാലിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും/
ട്രെയിനിംഗ് ഓഫീസർമാർക്കും